**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 941** **06-10-2021 - ൽ മറുപടിയ്ക്ക്**

**ജലനിധി പദ്ധതിയിൽ റോഡ് റെസ്റ്റോറേഷൻ ചാർജ് ഉൾപ്പെടുത്തുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ മേഖലയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനും വേണ്ടി ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ റോഡ് റെസ്റ്റോറേഷൻ ചാർജ് കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഗ്രാമീണ മേഖലയിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള ജലനിധി പദ്ധതി ലോക ബാങ്ക് ധനസഹായത്തോടുകൂടിയാണ് നടപ്പിലാക്കിയത്. ജലനിധി പദ്ധതികളുടെ ലോകബാങ്ക് ധനസഹായം 2019 ഡിസംബർ മാസത്തിൽ അവസാനിച്ചു. ജലനിധി പദ്ധതിയിൽ ഇനി പൂർത്തീകരിക്കാനുള്ളത് മലപ്പുറം ജില്ലയിലെ മുന്നിയൂർ പദ്ധതി മാത്രമാണ് . ജലനിധി പദ്ധതികളിൽ PWD/NH മുതലായ റോഡുകൾക്കുള്ള റെസ്റ്റോറേഷൻ ചാർജ്ജ് പൂർണ്ണമായും അനുവദിച്ചിരുന്നു. |
| (ബി) | നിലവിൽ പദ്ധതി നിർവ്വഹണം പൂർത്തിയായ നിരവധി ഗ്രാമപഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി പൊളിച്ച റോഡുകൾ പുനസ്ഥാപിക്കാത്തതിനാൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വള്ളിക്കുന്ന് മണ്ഡലത്തിലെ മുന്നിയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ജലനിധി പദ്ധതിയുടെ ഭാഗമായി സഞ്ചാരയോഗ്യമല്ലാതായ റോഡുകൾ നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മുന്നിയൂർ പദ്ധതി ലോക ബാങ്ക് സഹായത്തോടെയുള്ള ജലനിധി പദ്ധതിയിൽ ഏറ്റെടുത്തതാണെങ്കിലും വിവിധ കാരണങ്ങളാൽ ജലനിധി പദ്ധതിയുടെ കാലയളവിൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 2019 ഡിസംബർ മാസത്തോടെ ലോക ബാങ്ക് സഹായം അവസാനിക്കുകയും ചെയ്തു . ഇപ്പോൾ പദ്ധതി പൂർത്തീകരിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ്. പഞ്ചായത്ത് റോഡുകളുടെ റെസ്റ്റോറേഷൻ ചാർജ്ജ് സംബന്ധിച്ച ആവശ്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ